4512
14/8/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ മലപ്പുറം ജില്ലാ ഓഫീസിൽ ഒരു അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്

സ.ഉ.(കൈ) നം.25/2021/തൊഴിൽ  തീയതി,തിരുവനന്തപുരം, 25/02/2021

---

പരാമർശം:- 1 30.10.2020- ലെ 227-ാമത് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് യോഗ തീരുമാനം

2 കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് സെക്രട്ടറിയുടെ 25/11/2020 ലെ ഇ1-614/2020 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ മലപ്പുറം ജില്ലാ ഓഫീസിൽ 1,74,000-ത്തിലധികം നിർമ്മാണ തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. എങ്കിലും ഒരു ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ മാത്രമാണ് സൂപ്പർവൈസറി തലത്തിലുള്ളത്. ആയതിനാൽ ആനുകൂല്യ വിതരണത്തിലും ഫയലുകൾ തീർപ്പാക്കുന്നതിലും പുതിയ അംഗത്വ രജിസ്ട്രേഷൻ നടത്തുന്നതിനും കാലതാമസം നേരിടുന്നുണ്ട്. അംഗതൊഴിലാളികളുടെയും പെൻഷണർമാരുടെയും എണ്ണത്തിലുള്ള വർദ്ധനവ് പരിഗണിച്ചും ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും, ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനും മലപ്പുറം ജില്ലാ ആഫീസിൽ ഒരു അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ആഫീസറുടെ തസ്തിക അത്യന്താപേക്ഷിതമാണെന്നും ആയതിനാൽ മലപ്പുറം ജില്ലാ ആഫീസിൽ ഒരു അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ആഫീസറുടെ തസ്തിക അനുവദിച്ചു നൽകണമെന്നും പരാമർശ കത്തു പ്രകാരം കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ മലപ്പുറം ജില്ലാ ഓഫീസിൽ, 35,700-75,600/- രൂപ ശമ്പള സ്കെയിലിൽ ഒരു അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ തസ്തിക, പ്രസ്തുത തസ്തിക സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന ഭരണ ചെലവുകൾ ബോർഡിന്റെ തനത് ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടതാണെന്ന നിബന്ധനയോടെ സൃഷ്ടിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സത്യജിത് രാജൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (24.2.21-ലെ ഇനം നമ്പർ 4820 പ്രകാരം)
ധനകാര്യ വകുപ്പ് (1673811/LBR-1/16/2021-Fin Dated 12.02.2021 )
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by [illegible] George
Date: 2021.02.25 [illegible] IST
Reason: Approved
സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-02-2021

ഫയൽ നം. ജെ1/367/2020/തൊഴിൽ. ഇനം നം: 4820

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ മലപ്പുറം ജില്ല ഓഫീസിൽ ഒരു അഡീഷണൽ ജില്ല എക്സിക്യൂട്ടീവ് ആഫീസർ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

A820

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ജെ1/367/2020/തൊഴിൽ |
| 2. | വകുപ്പ് | തൊഴിലും നൈപുണ്യവും (ജെ) വകുപ്പ് |
| 3. | വിഷയം | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ മലപ്പുറം ജില്ല ഓഫീസിൽ ഒരു അഡീഷണൽ ജില്ല എക്സിക്യൂട്ടീവ് ആഫീസർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 20/02/2021 |
| 5 | (i)ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ?<br>(ii)സാമ്പത്തിക ബാധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി. എൻ.കെ. ചന്ദ്ര |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. സത്യജിത് രാജൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23/02/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23/02/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. ടി.പി. രാമകൃഷ്ണൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 23/02/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 23/02/21 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ മലപ്പുറം ജില്ലാ ഓഫീസിൽ ഒരു അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) ബോർഡിന്റെ മലപ്പുറം ജില്ലാ ഓഫീസിൽ 1,74,000-ത്തിലധികം നിർമാണ തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. എങ്കിലും ഒരു ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ മാത്രമാണ് സൂപ്പർവൈസറി ചുമതലയിലുള്ളത്. ആയതിനാൽ ആനുകൂല്യ വിതരണത്തിലും ഫയലുകൾ തീർപ്പാക്കുന്നതിലും പുതിയ അംഗത്വ രജിസ്ട്രേഷൻ നടത്തുന്നതിനും കാലതാമസം നേരിടുന്നുണ്ട്. അംഗതൊഴിലാളികളുടെയും പെൻഷണർമാരുടെയും എണ്ണത്തിലുള്ള വർദ്ധനവ് പരിഗണിച്ചും ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനും മലപ്പുറം ജില്ലാ ഓഫീസിൽ അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ തസ്തിക അനിവാര്യമാണ് എന്ന് 30.10.2020 -ൽ ചേർന്ന 227 മത് ബോർഡ് യോഗ തീരുമാനം 976/2020 നമ്പർ പ്രകാരം തീരുമാനിക്കുകയുണ്ടായി. അതിൻപ്രകാരം മലപ്പുറം ജില്ലാ ഓഫീസിൽ ഒരു അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ തസ്തിക അനുവദിച്ച് നൽകണമെന്ന് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് സെക്രട്ടറി അപേക്ഷിച്ചിരുന്നു. ഈ തസ്തിക സൃഷ്ടിക്കുന്നതിലേക്കായി 5,35,080/- രൂപയുടെ (അഞ്ച് ലക്ഷത്തി മുപ്പത്തിഅയ്യായിരത്തി എൺപത് രൂപ മാത്രം) വാർഷിക അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകും.

3) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, പാലക്കാട് എന്നീ ജില്ലാ ആഫീസുകളിൽ നിലവിൽ അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ആഫീസറുടെ തസ്തിക അനുവദിച്ചിട്ടുള്ളതാണ്.

4) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ മലപ്പുറം ജില്ലാ ഓഫീസിൽ ഒരു അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ തസ്തിക അനുവദിച്ച് നൽകുന്നത് സംബന്ധിച്ച് ഫയൽ ധനകാര്യ വകുപ്പിന് അയച്ചപ്പോൾ ആ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി .

*"തസ്തിക സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന ഭരണ ചെലവുകൾ ബോർഡിന്റെ തനത് ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടതാണെന്ന നിബന്ധനയോടെ, മലപ്പുറം ജില്ലാ ഓഫീസിൽ അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ തസ്തിക അനുവദിക്കണമെന്ന, ഭരണ വകുപ്പ് ശിപാർശ അംഗീകരിക്കുന്നു .*

*ഇതിന് ബഹു. ധനകാര്യ വകുപ്പ മന്ത്രിയുടെ അംഗീകാരമുണ്ട് ."*

5) ഈ വിഷയം സംബന്ധിച്ച് ഫയൽ സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

## <u>തീരുമാനിക്കേണ്ട സംഗതി</u>

തസ്തിക സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന ഭരണ ചെലവുകൾ ബോർഡിന്റെ തനത് ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടതാണെന്ന നിബന്ധനയോടെ, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ മലപ്പുറം ജില്ലാ ഓഫീസിൽ ഒരു അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ (ശമ്പള സ്കെയിൽ 35700-75600/- ) തസ്തിക സൃഷ്ടിക്കാമോ?